# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :T1002 11.07.2016 ൽ മറുപടിക്ക്

## പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.വി.ജോയി

(എ) വർക്കല നിയോജക മണ്ഡലത്തിലെ പൂട്ടിയിട്ടിരിക്കുന്ന 13 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും തൊഴിലാളികൾക്കും ജോലിയിൽ നിന്ന് വിരമിച്ചവർക്കുമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)

(എ) കശുവണ്ടി മേഖലയിലെ അപക്സ് സഹകരണ സ്ഥാപനമായ കാപെക്സിന്റെ വർക്കല നിയോജക മണ്ഡലത്തിലെ നാവായികുളത്ത് സ്ഥിതി ചെയ്യുന്ന ഒരു ഫാക്ടറി 2016 ജൂൺ മാസം വരെ പ്രവർത്തിച്ചിരുന്നു. തോട്ടണ്ടിയുടെ ലഭ്യതകുറവ് മൂലം 2016 ജൂലൈ മാസം മുതൽ താൽക്കാലികമായി ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി രണ്ട് ഇ-ടെണ്ടറുകൾ കാപെക്സ് ക്രമീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭിക്കുന്ന മുറയ്ക്ക് കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ രൂപീകരിച്ചുവരുന്നു. ഹ്രസ്വകാല നടപടികളുടെ ഭാഗമായി നിലവിലുള്ള ലോണുകൾക്ക് 6 മാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തണമെന്നും പുതുതായി ബാങ്ക് ഫിനാൻസ് അനുവദിക്കണമെന്നും ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം റിസർവ്വ് ബാങ്ക് വിളിച്ച് ചേർത്ത എംപവേർഡ് കമ്മിറ്റി യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്കു പ്രതിനിധികൾ സർക്കാരിന്റെ വിവിധ വകുപ്പുതല മേധാവികൾ ഉൾപ്പെടുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പരിഹാരമാർഗ്ഗങ്ങൾ പരിശോധിക്കുന്നതാണ്.

കാപെക്സിൽ 2011 വരെ വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എല്ലാം നൽകിയിട്ടുണ്ട്. അതിനു ശേഷം വിരമിച്ചവർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിന് കാപെക്സ് സർക്കാരിനോട് ധനസഹായം

അഭ്യർത്ഥിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപറേഷന്റെ കൈവശമുണ്ടായിരുന്ന കല്ലമ്പലത്തുള്ള ഒരു ഫാക്ടറി 2002 ലെ കോടതി ഉത്തരവ് പ്രകാരം സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്തിരുന്നു. പ്രസ്തുത ഫാക്ടറിയിൽ നിന്നും 60 വയസ്സ് പൂർത്തിയാക്കി 2006 വരെ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന വർഷത്തിലെ ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ